5. ട്രാൻസ്മിഷൻ മെയിൻ കടന്നുപോകുന്ന പി.റ്റി.പി. നഗർ പ്രദേശത്ത് വളരെയധികം നീളത്തിൽ പാറ പൊട്ടിക്കേണ്ടി വന്നതും ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായതിനാൽ മന്ദഗതിയിലെ പാറപൊട്ടിക്കൽ സാദ്ധ്യമായിരുന്നുള്ളുവെന്നതും കാലതാമസത്തിനിടയാക്കി.

6. അരുവിക്കരയിൽ നിന്നുള്ള ട്രാൻസ്മിഷൻ ലൈൻ വലിയ്ക്കുന്നതിൽ നാട്ടുകാർ ഉന്നയിച്ച തടസ്സവാദങ്ങൾ പരിഹരിക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ വേണ്ടി വരികയും തീരുമാനങ്ങൾക്ക് ഏറെ സമയമെടുക്കുകയും ചെയ്തു.

7. ബേക്കറി മുതൽ തമ്പാനൂർ ആർ.എം.എസ്.വരെയുള്ള ഭാഗത്ത് പൈപ്പിടുന്നതിന് ധാരാളം ട്രാഫിക് പ്രശ്നങ്ങൾ അതിജീവിക്കേണ്ടതുണ്ട്. ഫ്ളൈ ഓവർ നിർമ്മാണം ഫിലിം ഫെസ്റ്റിവൽ തുടങ്ങി വിവിധ കാരണങ്ങളാൽ ഇടയ്ക്കിടെ മാത്രമേ ഇവിടെ പൈപ്പിടാൻ അനുവാദം ലഭിക്കുന്നുള്ളു. കെ.എസ്.ആർ.റ്റി.സി.യുടെ പുതിയ നിർമ്മാണപ്രവർത്തനങ്ങളും അതു മൂലമുള്ള ട്രാഫിക് ക്രമീകരണങ്ങളും പൈപ്പിടുന്നതിനുള്ള അനുമതിയെ ബാധിക്കുന്നുണ്ട്.

8. സാധാരണയിൽ കവിഞ്ഞതും ഇടവിട്ടുള്ളതുമായ മഴ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടായിരുന്നു.

(ഇ) ജൈക്ക പദ്ധതികളിൽ ആദ്യത്തെ 12 മാസം കഴിയുമ്പോൾ പ്രൈസ് അഡ്ജസ്റ്റ്മെന്റിന് വ്യവസ്ഥയുണ്ട്. അടങ്കൽ തുകയുടെ 10% മുതൽ 20% വരെ പ്രൈസ് എസ്കലേഷൻ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്

വികലാംഗരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

15(*225) ശ്രീ. എം. എം. മോനായി:
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി പ്രകാരം കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനം വിശദമാക്കുമോ ;

(സി) വികലാംഗരെ മത്സര പരീക്ഷകളിൽ സജ്ജരാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഡി) വികലാംഗരായ വയോജനങ്ങൾക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) വികലാംഗർക്കായി വികലാംഗ ക്ഷേമകോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. വികലാംഗർക്കായി ജില്ലകൾ തോറും മെഡിക്കൽ ക്യാമ്പ് നടത്തി സഹായോപകരണങ്ങൾ സൗജന്യമായി വിതരണം നടത്തുന്നു.

2. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)

3. മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങിയ വികലാംഗർക്ക് സബ്സിഡി.

4. വികലാംഗരുടെ സ്വയംസഹായസംഘങ്ങൾക്ക് സാമ്പത്തിക സഹായം

5. പി.എസ്.സി/യു.പി.എസ്.സി., മറ്റ് ബോർഡുകൾ എന്നിവ നടത്തുന്ന മത്സരപ്പരീക്ഷകൾ എഴുതുന്നതിന് സൗജന്യ പരിശീലനം

6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തികസഹായം

7. സൗജന്യമായി ചായ-കോഫി വെൻഡിംഗ് മെഷീനുകൾ നൽകൽ

8. പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾ, അസാധാരണ കഴിവുള്ള വികലാംഗരായ കുട്ടികൾ, പ്രശസ്ത സേവനമനുഷ്ഠിക്കുന്ന ഗവ. ഇതര സംഘടന, അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർക്ക് ക്യാഷ് അവാർഡ്

9. സ്വയം തൊഴിൽ ചെയ്യുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ.

10. 5 വയസ്സ് വരെ പ്രായമുള്ള വികലാംഗരായ കുട്ടികളുടെ പേർക്ക് 10,000 രൂപ സ്ഥിരനിക്ഷേപം.

11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടി പാറശ്ശാലയിൽ വൃദ്ധസദനം

12. വികലാംഗരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള തൊഴിൽ പരിശീലനം

(ബി) വികലാംഗ ക്ഷേമ കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തികവർഷം വികലാംഗർക്ക് 30.52 ലക്ഷം രൂപയുടെ സഹായോപകരണങ്ങളാണ് വിതരണം നടത്തിയിട്ടുള്ളത്. ഇത് കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ നിന്ന് നേരിട്ടും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പാറ്റൂരിലുള്ള എം.ആർ.എസ്.റ്റി. സെന്റർ വഴിയും മെഡിക്കൽ ക്യാമ്പുകൾ നടത്തിയുമാണ് വിതരണം നടത്തിയിട്ടുള്ളത്. വീൽചെയർ ട്രൈസൈക്കിൾ, സ്രവണസഹായി, കാലിപ്പർ, ലിംബ്, ക്രച്ചസ് തുടങ്ങിയ ഉപകരണങ്ങളാണ് പ്രധാനമായും വിതരണം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വികലാംഗരെ മത്സര പരീക്ഷകളിൽ സജ്ജമാക്കുന്നതിനായുള്ള പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

(ഡി) വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് ഒരു വൃദ്ധ സദനം തിരുവനന്തപുരം ജില്ലാപഞ്ചായത്തുമായി ചേർന്ന് പാറശ്ശാലയിൽ സ്ഥാപിച്ചിട്ടുണ്ട്.

സ്പാൻ പദ്ധതി

16(*226) ശ്രീ. ജി. കാർത്തികേയൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൻ കീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി ;

(ബി) ഇതിനായി ഈ വർഷം എന്തു തുക സഹായധനം ലഭ്യമാക്കുമെന്നാണ് കരുതുന്നത് ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഇതു വരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് എന്ന് വിശദീകരിക്കുമോ ;

(ഇ) ഈ പദ്ധതിക്കു പുറമേ കുടിവെള്ള പദ്ധതികൾക്ക് ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(എഫ്) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്തു തുക ചിലവഴിക്കും ?

ജലവിഭവ വകുപ്പു മന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ). നബാർഡിന്റെ സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൽ 36 കുടിവെള്ള വിതരണപദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5 പദ്ധതികൾ പൂർണ്ണമായും ഒരു പദ്ധതി ഭാഗികമായും കമ്മീഷൻ ചെയ്തു.

12 പദ്ധതികൾ കൂടി ഈ സാമ്പത്തികവർഷവും ശേഷിക്കുന്ന 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കാൻ കഴിയത്തക്ക രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly